(സി) ഉണ്ട്. സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചിരുന്നു. ഇവയിൽ 76 എണ്ണത്തിന്റെ പ്രവർത്തനം ടെണ്ടർവ്യവസ്ഥയിലുള്ള അറ്റകുറ്റപ്പണികൾ, ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, സ്റ്റോക്ക് പരിമിതികൾമൂലമുള്ള വിൽപ്പനക്കുറവ് എന്നീ കാരണങ്ങളാൽ താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. ബാക്കിയുള്ള 66 എണ്ണം പ്രവർത്തിച്ചുവരുന്നു. മിതമായ വിലയ്ക്ക് ഉണമേന്മയുള്ള സാധനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മൊബൈൽ ത്രിവേണികൾ ആരംഭിച്ചത്. യൂണിറ്റുകൾ എല്ലാംതന്നെ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നു.

(ഡി) സംസ്ഥാനത്ത് ആരംഭിച്ച 142 സഞ്ചരിക്കുന്ന ത്രിവേണികളിൽ 76 എണ്ണത്തിന്റെ പ്രവർത്തനം സാങ്കേതിക കാരണങ്ങളാൽ താല്ക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകളിലെ ടൈപ്പിസ്റ്റ് തസ്തികകൾ

115 (3269) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിൽ ആകെ എത്ര ടൈപ്പിസ്റ്റ് തസ്തികകളാണുള്ളത്;

(ബി) എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ അനുപാതക്രമം എത്രയാണ്;

(സി) നിലവിൽ സഹകരണ വകുപ്പിൽ ആകെ എത്ര എൽ.ഡി. ടൈപ്പിസ്റ്റുകളുണ്ടെന്നും ആകെ എത്ര യു.ഡി.ടൈപ്പിസ്റ്റുകളുണ്ടെന്നും ആകെ എത്ര സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുകളുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സഹകരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ്;

(ഇ) ഇപ്പോൾ യു.ഡി. ടൈപ്പിസ്റ്റുകളുടെ എത്ര ഒഴിവുകളുണ്ടെന്നും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുകളുടെ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) 2014-ലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാനും അനുപ്രകാരം ഒഴിവുള്ള തസ്തികളിലേക്ക് ഉദ്യോഗക്കയറ്റം നൽകുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിൽ 78 എൽ.ഡി ടൈപ്പിസ്റ്റുമാരും 18 യു.ഡി. ടൈപ്പിസ്റ്റുമാരും 29 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുമാണ് ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവസാനമായി ടൈപ്പിസ്റ്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 17-4-2015 നാണ്.

(ഇ) നിലവിൽ 27 യു.ഡി. ടൈപ്പിസ്റ്റിന്റെയും 16 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെയും ഒഴിവുണ്ട്.

(എഫ്) 2014 ലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ അഴിമതി

116 (3270) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ നടക്കുന്നതായ അഴിമതി സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൺസ്യൂമർഫെഡിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കൺസ്യൂമർഫെഡിൽ നടന്നതായി പറയപ്പെടുന്ന അഴിമതികളിൻമേൽ നടന്ന വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. വിജിലൻസ് വകുപ്പ് രണ്ടുപേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തിയ പരിശോധനകളിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ 16 പേരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

കൺസ്യൂമർഫെഡിന് ലഭിക്കാനുള്ള സബ്സിഡി തുക

117 (3271) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് സപ്ലൈയർമാർക്ക് നൽകാനുള്ള ആകെ തുക എത്രയെന്ന് വിശദമാക്കാമോ :

(ബി) സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നും കൺസ്യൂമർഫെഡ് എത്ര രൂപയാണ് നിക്ഷേപമായി സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയായി എടുത്തിട്ടുള്ള തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly